LIBRARY ARCHIVES Kerala Legislative Assembly

ഇൻഫർമേഷൻ കേരള മിഷൻ

160 (1630) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ കേരള മിഷൻ സ്ഥാപിതമായ വർഷം, ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്നിവ വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത സ്ഥാപനം സ്ഥാപിതമായതിനുശേഷം കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ, മറ്റ് ഗവൺമെന്റിതര ഏജൻസികൾ എന്നിവ മുഖേന ലഭിച്ച ധനസഹായത്തിന്റെ കണക്ക് വെളിപ്പെടുത്തുമോ ;

(സി) ഐ.കെ.എം.-ൽ നിലവിലുള്ള തസ്തികകൾ ഏതെല്ലാം ; പ്രസ്തുത തസ്തികകൾക്ക് ഗവൺമെന്റ് അനുമതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ; ഒഴിവുകൾ സംബന്ധിച്ചുള്ള വിവരങ്ങൾ പത്രങ്ങളിൽ പരസ്യപ്പെടുത്താറുണ്ടോ ; വിവിധ ഗവൺമെന്റ് വകുപ്പുകളിൽ നിന്ന് ഡെപ്യൂട്ടേഷൻ മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നേരിട്ടും നടത്തിയിട്ടുള്ള നിയമനം സംബന്ധിച്ച് തസ്തിക തിരിച്ച് വിശദവിവരം നൽകുമോ ;

(ഇ) ഐ.കെ.എം.-ലെ ഓരോ തസ്തികയിലും ശമ്പളം, ഡി.എ., എച്ച്.ആർ.എ., സി.സി.എ., യാത്രപ്പടി എന്നീ ഇനത്തിൽ ഓരോ ഓഫീസർമാരും 2010-ൽ പ്രതിമാസം കൈപ്പറ്റിയ ശമ്പളത്തിന്റെ വിവരം വ്യക്തമാക്കുമോ ;

(എഫ്) ഐ.കെ.എം.-ന്റെ ഉദ്ദേശലക്ഷ്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 1999-ൽ കേരളത്തിലെ 1209 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന ആസൂത്രണ ബോർഡ്, ജില്ലാ പ്ലാനിംഗ് ഓഫീസുകൾ, അർബൻ അഫയേഴ്സ്-പഞ്ചായത്ത് വകുപ്പുകളുടെ ഡയറക്ടറേറ്റുകൾ, ജില്ലാ-റീജിയണൽ ഓഫീസുകൾ എന്നിവയിൽ ഇ-ഗവേണൻസ് നടപ്പിലാക്കുക എന്നതാണ് ഇൻഫർമേഷൻ കേരളാ മിഷന്റെ പ്രധാന ഉദ്ദേശം. വിശദവിവരം അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.

(ബി) വിശദവിവരം അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.*

(സി) 3-11-2008-ലെ G.O (RT)N0.3865/8/LSGD നമ്പർ സർക്കാർ ഉത്തരവനുസരിച്ച് 13 വിഭാഗങ്ങളിലായി 440 തസ്തികകൾക്കാണ് അനുമതി ലഭിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം നൽകുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഇത് മിഷൻ മോഡ് പ്രോജക്ട് ആകയാൽ പ്രസ്തുത തസ്തികകൾക്ക് ഡെപ്യൂട്ടേഷൻ മുഖേനയും സാങ്കേതിക പരിജ്ഞാനം ഉള്ളവരെ ക്യാംപസിൽ നിന്നും നേരിട്ടും പരസ്യത്തിലൂടെയും താൽക്കാലികമായി തെരഞ്ഞെടുക്കുന്നു. ഗവൺമെന്റ് വകുപ്പുകളിൽനിന്നും താഴെപ്പറയുന്ന തസ്തികകളിലേക്ക് ഡെപ്യൂട്ടേഷൻ മുഖേന നിയമനം നടത്തിയിട്ടുണ്ട്.

1. എക്സിക്യൂട്ടിവ് ചെയർമാൻ&ഡയറക്ടർ-സർക്കാർ നേരിട്ട് നിയമനം നടത്തുന്നു.
2. ഡറക്ടർ (ടെക്നിക്കൽ)-സയന്റിസ്റ്റ് ബി (അനർട്ട്)
3. ഡയറക്ടർ (ഇംപ്ലിമെന്റേഷൻ) മാനേജർ (കെൽട്രോൺ)
4. ഗ്രൂപ്പ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ)- പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ (അഡീഷണൽ ചാർജ്)
5. എച്ച്. ഒ. ഡി. (ട്രെയിനിംഗ്)-സയന്റിസ്റ്റ് IV(1) (സി.ഡിറ്റ്)
6. എച്ച്.ഒ.ഡി. (ലോബ്ക്&ക്യൂഎ) അഗ്രികൾച്ചറൽ ഓഫീസർ (കൃഷി വകുപ്പ്)
7. ടീം ലീഡർ (അഡ്മിനിസ്ട്രേഷൻ)-ടീം ലീഡർ (പർച്ചേസ്&വർക്ക്സ്) അഡീഷണൽ ചാർജ്.
8. ടീം ലീഡർ (പർച്ചേസ്&വർക്ക്സ്) ഡെപ്യൂട്ടി രജിസ്ട്രാർ (ഇൻഡസ്ട്രീസ് & കോമേഴ്സ്)
9. അക്കൗണ്ട്സ്-സീനിയർ അക്കൗണ്ട്സ് ഓഫീസർ (ഓഫീസ് ഓഫ് ദി പ്രിൻസിപ്പൽ അക്കൗണ്ട്സ് ഓഫീസർ (ഓഫീസ് ഓഫ് ദിപ്രിൻസിപ്പൽ അക്കൗണ്ട്സ് ജനറൽ (എ&ഇ) -1 മഹാരാഷ്ട്ര)
10. സർക്കാർ/സി-ഡിറ്റിന്റെ നിരക്ക് പ്രകാരം യാത്രക്ക് ലഭ്യമാകുന്ന യാത്രപ്പടി നൽകുന്നു. വിശദവിവരം അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു.*

(ഇ) സർക്കാർ/സി-ഡിറ്റിന്റെ നിരക്ക് പ്രകാരം യാത്രക്ക് ലഭ്യമാകുന്ന യാത്രപ്പടി നൽകുന്നു. വിശദവിവരം അനുബന്ധം-3 ആയി ചേർക്കുന്നു.*

(എഫ്) അവസാന ഘട്ടത്തിലാണ്. ഏതാണ്ട് 70 ശതമാനം പൂർത്തീകരിച്ചു കഴിഞ്ഞു.

ഇൻഫർമേഷൻ കേരള മിഷന്റെ വാർഷിക റിപ്പോർട്ടുകൾ

161 (1631) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ കേരള മിഷന്റെ വാർഷിക റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിക്കാറുണ്ടോ ; എങ്കിൽ നാളിതുവരെ ഏതുവർഷം വരെയുള്ള വാർഷിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ട് ; ഇനി എത്ര റിപ്പോർട്ടുകൾ സമർപ്പിക്കാനുണ്ട് എന്നിവ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly